**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കോട്ടയം വെള്ളാവൂർ, കൃഷിഭവനിലെ അഗ്രിക്കൾച്ചറൽ ഓഫീസറായ ശ്രീമതി.ടാനി തോമസ് കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2454/2018/തസ്വഭവ. തിരുവനന്തപുരം, തീയതി: 18/09/2018**

---

പരാമർശം:- 1. 11.9.2012-ലെ സ.ഉ(സാധാ)നം. 2569/2012/തസ്വഭവ ഉത്തരവ്

2. 19.8.2014-ലെ സ.ഉ(സാധാ)നം.2140/2014/തസ്വഭവ ഉത്തരവ്

3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.01.2018-തീയതിയിലെ 3189/ഇ 1/12/ കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം വെള്ളാവൂർ, കൃഷിഭവനിലെ അഗ്രിക്കൾച്ചറൽ ഓഫീസറായ ശ്രീമതി.ടാനി തോമസിനെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പരാമർശം രണ്ടിലെ ഉത്തരവു പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 14/09/2014 വരെ ദീർഘിപ്പിച്ചു നല്കിയിരുന്നു. സർക്കാർ ഉത്തരവില്ലാതെ ശ്രീമതി. ടാനിതോമസ് അന്യത്രസേവനത്തിൽ തുടർന്ന 15.09.2014 മുതൽ 14.11.2017 വരെയുള്ള സേവനകാലം അന്യത്രസേവന കാലയളവായി ക്രമീകരിച്ചു നൽകണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ടാനി തോമസ് കുടുംബശ്രീ ജില്ലാമിഷനുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ച്, സർക്കാർ അനുമതി ഇല്ലാതെ ടിയാൾ അന്യത്രസേവനത്തിൽ കുടുംബശ്രീയിൽ തുടർന്ന 15.09.2014 മുതൽ 14.11.2017 വരെയുള്ള കാലയളവ് അന്യത്രസേവനമായി ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (കൃഷിവകുപ്പ് ഡയറക്ടർ, മുഖാന്തിരം)
കൃഷിവകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**